**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 987 — 30.09.2016 ൽ മറുപടിയ്ക്ക്

**ആലപ്പുഴ കൃഷി വകുപ്പിൻ കീഴിലുള്ള എൻജിനീയറിംഗ് വിഭാഗം**

| ചോദ്യം<br>ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ | മറുപടി<br>ശ്രീ. വി.എസ്. സുനിൽകുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|
| (എ) ആലപ്പുഴ ജില്ലയിൽ കൃഷി വകുപ്പിന്റെ കീഴിലുള്ള എൻജിനീയറിംഗ് വിഭാഗം പ്രവർത്തിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ ; | (എ) ഉണ്ട്. |
| (ബി) പ്രസ്തുത എൻജിനീയറിംഗ് വിഭാഗത്തിന്റെ പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ ; | (ബി) ജില്ലാ പഞ്ചായത്ത് ഏൽപ്പിക്കുന്ന പ്രോജക്ടുകളും, മറ്റ് ജോലികളും, കാർഷിക വികസന കർഷക ക്ഷേമവകുപ്പ് നടപ്പിലാക്കുന്ന വിവിധ സ്കീമുമായി ബന്ധപ്പെട്ട പ്രവൃത്തികൾ, ഫാമുകളിലെ അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികൾ (ആർ.ഐ.ഡി.എഫ്, ആർ.കെ.വി.വൈ, അഗ്രോ സർവ്വീസ് സെന്റർ തുടങ്ങിയവ) അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറിംഗ് ഓഫീസിനോടനുബന്ധിച്ച് കസ്റ്റം ഹയറിംഗ് സെന്ററിൽ നിന്നും യന്ത്രോപകരണങ്ങൾ വാങ്ങുകയും, കർഷകർക്ക് വാടകയ്ക്ക് നൽകുകയും ചെയ്യുന്ന പ്രവർത്തികൾ എന്നിവയാണ്. |
| (സി) പ്രസ്തുത എൻജിനീയറിംഗ് വിഭാഗത്തിന് ആവശ്യമായ ഫണ്ട് ലഭ്യമാണോ എന്ന് വ്യക്തമാക്കുമോ ; | (സി) ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ ആയതിനാൽ പണി തീരുന്ന മുറയ്ക്ക് ഫണ്ട് ലഭ്യമാകുന്നുണ്ട്. |
| (ഡി) പ്രസ്തുത എൻജിനീയറിംഗ് വിഭാഗത്തിന്റെ പ്രവർത്തനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള ചെങ്ങന്നൂർ നിയോജകമണ്ഡലത്തിലെ പദ്ധതികൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ | (ഡി) ആലപ്പുഴ ജില്ലാ പഞ്ചായത്തിന്റെ ജനകീയാസൂത്രണ പദ്ധതി പ്രകാരം ചെങ്ങന്നൂർ മണ്ഡലത്തിൽ നടപ്പിലാക്കുന്ന പ്രവർത്തികൾ<br>**മാന്നാർ ഡിവിഷൻ**<br>1.ബുധനൂർ ഗ്രാമപഞ്ചായത്ത്- കോയിക്കൽപ്പടി പ്ളാക്കാത്തറ പുത്തൻ കത്തിൽപടി ബണ്ട് സംരക്ഷണം.<br>2. മാന്നാർ ഗ്രാമപഞ്ചായത്ത്- മുക്കം വാലയിൻപുറം ബണ്ട് മണ്ണിട്ട് ഉയർത്തി ബലപ്പെടുത്തൽ<br>3.പുലിയൂർ ഗ്രാമപഞ്ചായത്തിൽ താമരച്ചാൽ പുനരുദ്ധരിക്കൽ ജലസംരക്ഷണം<br>**വെൺമണി ഡിവിഷൻ**<br>1. വെൺമണി ഗ്രാമപഞ്ചായത്ത് മാമ്പ്രപാടശേഖരം കരിപ്പോട്ടിൽ ഷാപ്പുപടി റോഡുകളിൽ കലുങ്ക് നിർമ്മാണം<br>2.വരേണിക്കൽ പാടശേഖര തെക്കേക്കര മോട്ടോർ തറ നിർമ്മാണം |

സെക്ഷൻ ഓഫീസർ